കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പിറവന്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി.9/386/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം.

തീയതി – 11/06/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.9/386/2020, തിയതി: 11/06/2020

## കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2020 മുതൽ 04.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ്കുമാർ. പി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. സിജാറാണി. എസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജൻ. വി. ഡി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജയകുമാരിഅമ്മ. ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശശികല. പി. എസ് | 01.04.2018 മുതൽ 11.06.2018 വരെ |
| | ശ്രീമതി. ലതാസോമരാജൻ | 16.07.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ഷെമീം. എ | 01/04/2018മുതൽ 31/03/2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. താഹി. റ്റി | 01/04/2018മുതൽ 31/03/2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ആശ. വൈ. വി | 01/04/2018മുതൽ 31/03/2019വരെ |
| അഗ്രികൾച്ചറൽ ഓഫീസർ | ശ്രീ. എസ്. രാമചന്ദ്രൻ | 01.04.2018 മുതൽ 30.06.2018 FN വരെ |
| | ശ്രീമതി. സരള. പി.വി. | 30.06.2018 AN മുതൽ 20.08.2018 FN വരെ |
| | ശ്രീമതി. രഞ്ജു. എസ് | 20.08.2018 AN മുതൽ 28.02.2019 FN വരെ |
| | ശ്രീമതി. അഞ്ജു ജോർജ്ജ് | 28.02.2019 AN മുതൽ 16.02.2019 FN വരെ |
| | ശ്രീമതി. രേഷ്മാ രമേശ് | 16.02.2019 FN മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. അനിൽകുമാർ | 01/04/2018മുതൽ 13/06/2018വരെ |
| | ശ്രീ. ജനാർദ്ദനൻ | 14.06.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി. ഹസീന. എ | 01/04/2018മുതൽ 31/03/2019വരെ |
| | ശ്രീ. തീഷ്. ആർ | 01/04/2018മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സന്ധ്യാ സുധാകർ | 01/04/2018മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. തോമസ് കോശി | 01/04/2018മുതൽ 29/07/2018വരെ |
| | ഡോ. ഗീതാഞ്ജലി | 30/07/2018മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലേഖ. ജെ | 01/04/2018മുതൽ 31/03/2019വരെ |
| വെറ്ററിനറി സർജൻ | ഡോ. അനിൽകുമാർ | 01/04/2018മുതൽ |

| | | |
|---|---|---|
| | | 31/03/2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.സോണി.എസ് | 01/04/2018മുതൽ 31/03/2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബാബു ശാമുവൽ | 01/04/2018മുതൽ 31/03/2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ചെക്കുമുഖേന ലഭിക്കുന്ന വരവുകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് സർവീസ് ചാർജ് ഈടാക്കുന്നു. | 1-12 |
| 13 | ഇ-ടെണ്ടർഫാറം വില ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. | 1-13 |
| 14 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല. | 1-15 |
| 16 | എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി | 1-16 |
| 17 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അനിവാര്യം | 1-17 |
| 18 | റോഡ് ടാറിങ് പ്രവൃത്തികൾ-കാലി ബാരലിന് വില ഈടാക്കിയില്ല 68,845/-രൂപയുടെ നഷ്ടം . | 1-18 |
| 19 | ഇ-ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ സംവിധാനം കാര്യക്ഷമമാകണം | 1-19 |
| 20 | സ്കൂൾ ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ -അപാകതകൾ | 1-20 |
| 21 | പ്രിന്റിംഗ് ചാർജസ് - ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-21 |
| 22 | ഉപഹാരങ്ങൾ വാങ്ങൽ- അധികചെലവ് അംഗീകരിക്കുന്നില്ല | 1-22 |
| 23 | ആശുപത്രിക്ക് മരുന്ന വാങ്ങൽ -തുക നൽകി-മരുന്ന ലഭ്യമായിട്ടില്ല. | 1-23 |
| | | |

| | | |
|---|---|---|
| 24 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-24 |
| 25 | മലയോരങ്ങളിൽ സോളാർ ലാമ്പ്-പദ്ധതി ഫലപ്രദമായില്ല | 1-25 |
| 26 | പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ രേഖകളില്ല. | 1-26 |
| 27 | കുടിവെള്ള പദ്ധതി ആസൂത്രണത്തിലെ പിഴവ് :ടാങ്ക് സ്ഥാപിക്കൽ, റൂഫിംഗ് പ്രവർത്തികൾ പ്രയോജനരഹിതമായി, 28430/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-27 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി | 3-1 |
| 29 | ഉപഹാരങ്ങൾ വാങ്ങൽ- അധികചെലവ് അംഗീകരിക്കുന്നില്ല | 3-2 |
| 30 | റോഡ് ടാറിങ് പ്രവൃത്തികൾ-കാലി ബാരലിന് വില ഈടാക്കിയില്ല 68,845 /-രൂപയുടെ നഷ്ടം. | 3-3 |
| 31 | കുടിവെള്ള പദ്ധതി ആസൂത്രണത്തിലെ പിഴവ് : ടാങ്ക് സ്ഥാപിക്കൽ, റൂഫിംഗ് പ്രവർത്തികൾ പ്രയോജനരഹിതമായി, 28430/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-4 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 43 | സാക്ഷ്യപത്രം | അനുബന്ധം 1 |
| 44 | ഓഡിറ്റ് പത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.3.18 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 05.02.2019തീയതിയിലെ 11(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 3.5.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9630493 |
| വരവ് | 218610239 |
| ആകെ | 228240732 |
| ചെലവ് | 199053684 |
| നീക്കിയിരിപ്പ് | 29187048 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 38357663 | 38357663 | 38207973 | 149690 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 15580000 | 15580000 | 15157026 | 422974 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 1284000 | 1284000 | 1284000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 24512000 | 24512000 | 24512000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 6249000 | 6249000 | 6249000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 19229993 | 19229993 | 16679145 | 2550848 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 10732 | 434 | 11166 | - | 11166 |
| ദുരിതാശ്വാസനിധി | | 2895 | 106 | 3001 | - | 3001 |
| ജലനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | | 54253576 | 54253576 | 54253576 | - |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1594 | 693019 | 694613 | 691007 | 3606 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 246075 | 11890926 | 12137001 | 11156154 | 980847 |
| | ജില്ലാ പഞ്ചായത്ത് | 322702 | v\4040296 | 4362998 | 4035371 | 327627 |
| ബി ഫണ്ട് | | 0 | 803040 | 803040 | 803040 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6530102 | 84836060 | 91366162 | 77845654 | 13520508 |
| | ട്രഷറി അക്കൗണ്ട് | 2516393 | 14257214 | 44177753 | 29837460 | 14340293 |
| മറ്റിനം | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശത മാനം |
|---|---|---|---|---|---|---|
| 452 | 297396090 | 298 | 170497405` | 16 | 138 | 65.92 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല</u>

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1594 | 693019 | 694613 | 691007 | 3606 |
| ഗുണഭോക്താകൾക്ക് | - | 54253576 | 54253576 | 54253576 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 293040 | 160 |
| കർഷകതൊഴിലാളി പെൻഷൻ | 9982700 | 918 |
| വിധവാപെൻഷൻ | 2260000 | 2069 |
| വാർദ്ധക്യകാലപെൻഷൻ | 29492300 | 3405 |
| വികലാംഗപെൻഷൻ | 6136300 | 559 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 693200 | 57 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 510000 | ലഭ്യമാക്കിയില്ല. |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.1.2020 ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7609/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുന്നുണ്ട്. ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2019 | 10/19 വരെ | 25.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.8.18-17.8.18 | 2017-18 | 15.10.2018 |

## 1-11 ധനകാര്യപത്രികയിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.
2. 2017-18 വർഷത്തെ നീക്കിയിരുപ്പാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിലെ 2018-19 വർഷത്തെ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നു. 2018-19 വർഷം Capital Contribution ഇനത്തിൽ തുക നീക്കിവച്ചിട്ടുള്ളതായി കാണുന്നില്ല.
3. ബി.9-ഷെഡ്യൂളിൽ electricity charges, Telephone charges, Sitting fee, Honorarium എന്നീയിനങ്ങളിൽ തൻവർഷത്തെ ചെലവുകൾക്കായി പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

സ്പെഷ്യൽ റ്റി.എസ്.ബി - ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ ബി -17-ലെ നീക്കിയിരിപ്പും ബി.4-ലെ Capital expenditure and Revenue Expenditure from District panchayth -ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6. NREGS – ചെലവുതുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
7. ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് ബാലൻസ് തുക എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 ചെക്കുമുഖേന ലഭിക്കുന്ന വരവുകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് സർവീസ് ചാർജ് ഈടാക്കുന്നു.

പഞ്ചായത്തിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ചെക്ക് മുഖേന തൊഴിൽനികുതിയിനത്തിൽ ലഭിക്കുന്ന വരവുതുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ചെക്ക് പ്രകാരമുള്ള തുക | ട്രഷറിയുടെ പേജ് | ചെക്ക് നം./ തീയതി | അക്കൗണ്ടിൽ ക്രഡിറ്റ് വന്ന തുക | ഈടാക്കിയ സർവ്വീസ് ചാർജ്ജ് |
|---|---|---|---|---|
| 16000 | ST, പത്തനാപുരം | 7598677/17.12.18 | 15950 | 50 |
| 10600 | ST, പത്തനാപുരം | 2146789/20.12.18 | 10550 | 50 |
| 25000 | ST, പുനലൂർ | 1932801/ 23.1.19 | 24900 | 100 |
| 16000 | ST, പത്തനാപുരം | 7598678/5.2.19 | 15900 | 100 |
| 7035 | കോ ഓപ്പറേറ്റീവ് ബാങ്ക്, പത്തനാപുരം | 016175/ 19.2.19 | 6993 | 42 |
| 53250 | ലഭ്യമല്ല | 2558564/5.2.19 | 53150 | 100 |
| 3750 | ലഭ്യമല്ല | 142757/ | 3650 | 100 |

| | | | | |
|---|---|---|---|---|
| | | 20.3.19 | | |
| 2000 | ലഭ്യമല്ല | 6959404/22.3.19 | 1950 | 50 |
| 20000 | ലഭ്യമല്ല | 7564757/14.3.19 | 19950 | 50 |
| 5600 | ലഭ്യമല്ല | 5733005/28.3.19 | 5500 | 100 |
| 9100 | ലഭ്യമല്ല | 2844810/18.3.19 | 9000 | 100 |
| 6250 | ലഭ്യമല്ല | 1206208/30.3.19 | 6150 | 100 |
| 16250 | ലഭ്യമല്ല | 26448862/16150 | 16150 | 100 |
| 56750 | ലഭ്യമല്ല | 2844586/7.9.19 | 56650 | 100 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ)ചട്ടം 21(2)ൽ മറ്റു ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകകളിൽ ബാങ്ക് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടന്ന് ഉറപ്പാക്കണമെന്നും ആയത് ഉൾപ്പടുത്തിയിട്ടില്ലങ്കിൽ ടി തുക കൂടി ഉൾപ്പെടുത്തി ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബാങ്ക് ചാർജ്ജ് ഉൾപ്പെടുത്തിയെന്ന് ഉറപ്പാക്കാത്തതുമൂലം പഞ്ചായത്തിന് 1142 രൂപയുടെ നഷ്ടം ഉണ്ടായി. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

എൻക്വയറി നം.8/30.1.2020

## 1-13 ഇ-ടെണ്ടർഫാറം വില ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം 77 പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 147288/-രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇ-ടെണ്ടർ ചെയ്തിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

I. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഗവ. എൽ. പി. എസ്, എലിക്കാട്ടൂർ | II |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുന്നല | II |
| 3 | ശാലേം മാർത്തോമാ സ്കൂൾ, ചാച്ചിപ്പുന്ന | II |

II.സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം, വെട്ടിത്തിട്ട | I &II |
| 2 | SFCK, അലിമുക്ക് | I &II |
| 3 | KSEB, പിറവന്തൂർ | I &II |
| 4 | BSNL, ചേകം | I &II |
| 5 | SBI, പുന്നല | I &II |
| 6 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുന്നല | II |

മേൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ടി സ്ഥാപനങ്ങൾക്ക് കത്തുനൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം.4/27.1.2020

## 1-15 വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല.

2018-19 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ IX/408, 409, 410(പഴയ നം.VII/693 A, B, C) എന്നിവ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്.ടി സ്ഥാപനത്തിൽനിന്നും 9593 രൂപ മാസവാടക ഈടാക്കിവരുന്നു. 2015 ഫെബ്രുവരി മുതൽ നാളിതുവരെ 9593 രൂപ നിരക്കിലാണ് വാടക ഈടാക്കിവരുന്നത്. ടി കടമുറികൾ 24.1.12 ലെ എഗ്രിമെന്റ് പ്രകാരം 3 വർഷത്തേക്ക് വാടകയില്ലാതെ കൺസ്യൂമർഫെഡിന് നൽകുകയും ചെയ്തു. 23.1.15ൽ 3 വർഷ കാലാവധി പൂർത്തിയായതിനാൽ അസി. എൻജിനീയർ PWD നിരക്കിൽ 9593 രൂപ വാടക നിശ്ചയിച്ചത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല. PWD -യുടെ പുതുക്കിയ നിരക്കിലുള്ള വാടക നിശ്ചയിക്കുന്നതിന് അസി. എൻജിനീയറെ ചുമതലപ്പെടുത്തിയതായി കൺസ്യൂമർഫെഡിന് നൽകിയ 20.1.2018 ലെ ബി1-8450/17 നം. കത്തിൽ സൂചിപ്പിട്ടുണ്ട്. ആയതനുസരിച്ച് വാടക നിശചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പുതുക്കിയ കരാറും ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ആദ്യ എഗ്രിമെന്റിന്റെ രേഖകളും വാടക നിശ്ചയിച്ചതിന്റെ രേഖകളുമാണ് ഹാജരാക്കിയത്. പുതുക്കിയ നിരക്കിലുള്ള വാടക നിശ്ചയിക്കേണ്ടതും സ്ഥാപനവുമായി കരാറിലേർപ്പെട്ട് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-16 എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി

"എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും" എന്നപദ്ധതി നിർവഹണത്തിൽ

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.102/2019 |
| പ്രോജക്ടിന്റെ പേര് | എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും |
| ഫണ്ട് | വികസന ഫണ്ട് – 4,60,000/- രൂപ |
| ബിൽ നമ്പർ , തീയതി | 06/20.12.2018(2,60,000/-), 05/17.10.2019(2,00,000/-) |
| ചെലവഴിച്ച തുക | 4,60,000/- രൂപ |

2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ഒൻപത് ഗവ. പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സജീകരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിലാണ് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധികനിരക്കിൽ ഡിജിറ്റൽബോർഡും പ്രൊജക്ടറും വാങ്ങിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/ എം.പി/ എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധിക നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു. ആർ ജെ എന്റർപ്രൈസസ്, കോട്ടയം (ഇൻവോയിസ് – RJE00846/15.2.19) മുഖേനയാണ് വാങ്ങൽ നടത്തിയത്.

| ഇനം | എണ്ണം | വാങ്ങിയ നിരക്ക് | വാങ്ങേണ്ട നിരക്ക് | അധികം |
|---|---|---|---|---|
| മൾട്ടി മീഡിയ പ്രൊജക്ടർ | 9 | 3,37,500/- (37500 x9) | 2,14,740 (23860 x9) | 1,22,760/- |
| യു എസ് ബി സ്പീക്കർ | 9 | 10800/- (1200 x9) | 6930/- (770 x9) | 3870/- |
| സീലിംഗ് മൗണ്ട്കിറ്റ് | 9 | 48600/- (5400 x9) | 44100/- (4900 x9) | 4500/- |
| അധികമായി ചെലവ് വന്ന ആകെ തുക | | | | 1,31,130/- |

അധികം നൽകിയ 1,31,130/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്..

ഓഡിറ്റ് എൻക്വയറി നമ്പർ-01/24.01.2020

## 1-17 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അനിവാര്യം

ഗ്രാമപഞ്ചായത്തിൽ ആകെ 102 ടാപ്പുകൾക്കാണ് നിലവിൽ വാട്ടർ ചാർജ് അടയ്ക്കുന്നത്.ടാപ്പൊന്നിന് 5250/-രൂ ആണ് പ്രതിവർഷനിരക്ക്. പ്രതിമാസം 44,625/-രൂ ഈ ഇനത്തിൽ KWA യ്ക്ക് അടവാക്കുന്നു (പ്രതിവർഷം 5,35,500/-രൂ). മുൻവർഷങ്ങളിൽ ശേഖരിച്ച വാർഡ്തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിവരുന്നത്. പഞ്ചായത്ത്-വാട്ടർ അതോറിറ്റി സംയുക്ത പരിശോധന അടിയന്തിരമായി നടപ്പാക്കി പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലും പ്രസ്തുത വിഷയം പരാമർശിച്ചിരുന്നുവെങ്കിലും തുടർനടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. വാർഡ് തലത്തിൽ പൊതു ടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ എല്ലാവിശദാംശങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18 റോഡ് ടാറിങ് പ്രവൃത്തികൾ-കാലി ബാരലിന് വില ഈടാക്കിയില്ല 68,845 /-രൂപയുടെ നഷ്ടം .

18-19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed bitumen rate അനുവദിച്ചു നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക | കരാറുകാരൻ/ബിൽനമ്പർ |
|---|---|---|---|---|
| ശ്രീ നാരായണ വിലാസം കൊച്ചു ഉണ്ടിൽ പടി റോഡ്, 59/19 | S65-2204kg, RS1-202.84kg | 15 | 4215/- (@281/-) | ഷാജഹാൻ.എസ് 480/20.2.19 |
| | | | | |

| | | | | |
|---|---|---|---|---|
| ചേകം കടയ്ക്കാമൺ റോഡ് ,43/19 | S65-2312kg, RS1-209kg | 15 | 4215/- | ഷാജഹാൻ.എസ് 299/20.12.18 |
| ചാച്ചിപുന്ന-കൊങ്കണംകോട് റോഡ് | S65-1985kg, RS1-178kg | 13 | 3653/- | ഷാജഹാൻ.എസ് 358/7.1.19 |
| ചാച്ചിപുന്ന-കടമ്പനാട് പടി റോഡ് ,93/19 | S65-1523kg, RS1-141kg | 10 | 2810/- | ഷാജഹാൻ.എസ് 300/20.12.18 |
| എലിക്കാട്ടൂർ അമ്പലം മൂന്നാം മല റോഡ്, 146/19 | S65-2403kg, RS1+SS1-484.5kg | 17 | 4777/- | ജോസഫ്,482/20.2.19 |
| ചേകം കടയ്ക്കാമൺ റോഡ് ,387/19 | S65-1985kg, RS1-211kg | 13 | 3653/- | ഷാജഹാൻ.എസ്,93/30.7.18 |
| പുന്നലത്തുമൺ കനാൽ റോഡ്,379/19 | S65-2275kg, RS1-202kg | 15 | 4215/- | ഷാജഹാൻ.എസ്,360/7.1.19 |
| വന്മള-മുടക്കൻമൂല റോഡ് | S65-2620kg,RS1-253kg | 17 | 4777/- | ജോസഫ്,136/21.8.18 |
| ചീവോട് ആയിരവല്ലിക്കര റോഡ്376/19 | S65-3296kg, RS1-308.4kg | 22 | 6182/- | നൗഷാദ്.,97/30.7.18 |
| മഞ്ചാംകുന്ന് കാവ് റോഡ്344/19 | S65-1031.75kg, RS1-97.8kg | 7 | 1967/- | ഷാജഹാൻ.എസ്,54/18.5.18 |
| പുത്തൻകട മേക്കട റോഡ്455/19 | S65-3455kg, RS1-311.8kg | 23 | 6463/- | എ.വി.അനിൽകുമാർ,30/16.5.18 |
| കൊല്ലാല കടയ്ക്കാമൺ റോഡ്378/19 | S65-1090.8kg, RS1-116kg | 7 | 1967/- | ഷാജഹാൻ.എസ്,94/30.7.18 |
| കാമ്പിപാറ മലമുക്ക് റോഡ് ,375/19 | S65-3539kg, RS1-349kg | 24 | 6744/- | ജോസഫ്,245/24.11.18 |
| പാവുമ്പ എലിക്കാട്ടൂർ റോഡ്,403/19 | S65-3545kg, RS1-337kg | 24 | 6744/- | ജോസഫ്,241/23.11.18 |
| വൻമള-മുടക്കൻമൂലറോഡ്,324/19 | S65-3456kg, RS1-311kg | 23 | 6463/- | സുന്ദരേശൻ,35/16.05.18 |
| | | ആകെ | 68845/- | |

68845/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റൻറ് എൻജിനീയറിൽ നിന്നോ ഇടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്

## 1-19 ഇ-ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ സംവിധാനം കാര്യക്ഷമമാകണം

സർക്കുലർ നമ്പർ 86/ 2010 ഫിൻ. തീ. 24/09/2010 പ്രകാരം സർക്കാർ ഓഫീസുകളിൽ

കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ, വിതരണ വിവരങ്ങൾ, ലൊക്കേഷൻ, വാങ്ങൽ വിശദാംശങ്ങൾ, എ.എം.സി വിശദാംശങ്ങൾ തുടങ്ങിയുള്ള എല്ലാ വിവരങ്ങളും സ്റ്റോക്ക്അക്കൗണ്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. നിലവിൽ ഉപയോഗിച്ചുവരുന്ന ഉപകരണങ്ങളെ സംബന്ധിച്ച് സ്റ്റോക്ക് ലഭ്യമാക്കിയെങ്കിലും എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. ഉപയോഗക്ഷമമല്ലാത്ത ഉപകരണങ്ങൾ സംബന്ധിച്ചുള്ള കൃത്യത ഉറപ്പാക്കിക്കാണുന്നില്ല. നിഷ്ക്രിയമായ അവസ്ഥയിൽ ഉള്ളവ ഉൾപ്പടെ എല്ലാഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. ഉപയോഗശൂന്യമായ ഇ-വേസ്റ്റുകൾ പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തെക്കൊണ്ട് വാല്യുവേഷൻ എടുത്ത് വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 സ്കൂൾ ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ -അപാകതകൾ

പ്രോജക്ട് നമ്പർ – 196/2019

അടങ്കൽ തുക – 50000/-രൂ

ചെലവ് തുക – 49994/-രൂ

ബിൽ നം. – 13/19/12.3.2019

മേൽ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 7 സ്കൂൾ ലൈബ്രറികൾക്കായി 37 പുസ്തകങ്ങൾ വീതം വാങ്ങി നല്കി. സ്റ്റോർസ് പർച്ചേസ് മാന്വൽ 2013, ജി.ഒ(പി) നം 03/2013/ എസ്.പി.ഡി തീ.21-06-2013, ഖ 7.5 പ്രകാരം ഒരു തവണ 15000/- രൂപയിൽ കൂടുതലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് പ്രമുഖരായ പ്രസാധകരിൽ നിന്ന് സാധാരണ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. കൂടാതെ പരാവധി കിഴിവ് രേഖപ്പെടുത്തുന്ന ക്വട്ടേഷൻ സമർപ്പിച്ചയാൾക്ക് വാങ്ങൽ ഉത്തരവ് നല്കേണ്ടതുമാണ്. ഈ പദ്ധതി നിർവഹണത്തിൽ വ്യവസ്ഥാപിതമായ രൂപത്തിലുള്ള വാങ്ങൽ നടത്തിയിട്ടില്ല. പരമാവധി ഡിസ്കൗണ്ട് ഉറപ്പുവരുത്താതെയും ക്വട്ടേഷനില്ലാതെയും പദ്ധതിനിർവഹണം നടത്തിയതുവഴി സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത്തല വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

## 1-21 പ്രിന്റിംഗ് ചാർജസ് - ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2018-19 വർഷം ആകെ 2,30,655/- രൂ പ്രിന്റിംഗ് ചാർജസ് ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പ്രിന്റിംഗ് ജോലികൾ ചെയ്യുന്നതിലേക്ക് ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത പ്രിജിൽ ഓഫ്സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 15.05.2018 ലെ പഞ്ചായത്തിന്റെ സാധാരണ യോഗതീരുമാനം 25(2) പ്രകാരം അംഗീകരിച്ചു. ടി സ്ഥാപനവുമായി വ്യവസ്ഥാപിതമായ കരാർ ചമച്ചിട്ടില്ല. കൂടാതെ 2018-19 കാലയളവിൽതന്നെ മറ്റ് പ്രസ്സുകൾക്കും പ്രിന്റിംഗ് ജോലികൾ നല്കുകയുണ്ടായി. അതത് സമയത്തുള്ള അച്ചടിജോലികൾ (കരാർ വ്യവസ്ഥയിലേർപ്പെട്ടില്ലാത്ത സാഹചര്യത്തിൽ) ഒന്നിലേറെ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന സന്ദർഭങ്ങളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2019-20 വർഷത്തിലും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടില്ല. പ്രിന്റിംഗ് ചാർജസ് ഇനത്തിലുള്ള

ചെലവ് നിർവഹണത്തിനായി ഒറ്റത്തവണ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണനിർവഹണ സംവിധാനങ്ങൾ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-22 ഉപഹാരങ്ങൾ വാങ്ങൽ- അധികചെലവ് അംഗീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിശിഷ്ടാതിഥികൾക്കായി ഉപഹാരങ്ങൾ ബുക്ക് ചെയ്യുന്നതിനായി 19.06.2018 ന് കൊല്ലം ചവറയിൽ പോകുന്നതിന് വാഹനക്കൂലി ഇനത്തിൽ വൗച്ചർ നമ്പർ 21800316/3.7.2018 മുഖേന 2080/-രൂ ചെലവു ചെയ്തിട്ടുണ്ട്. 19.06.2018 ന് തന്നെ ഉപഹാരങ്ങൾ വാങ്ങിക്കൊണ്ടുവരുന്നതിനായി വൗച്ചർ നമ്പർ 21800317/3.7.2018 മുഖേന 2080/-രൂ ചെലവു ചെയ്തിട്ടുണ്ട്. ഉപഹാരങ്ങൾ നേരിട്ട് കണ്ട് ബുക്ക് ചെയ്യാനും പിന്നീട് വാങ്ങുന്നതിനുമായി വാഹനം ഉപയോഗിച്ചുവെന്നാണ് 27.1.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20) മറുപടി ലഭ്യമാക്കിയത്. ഇത് സ്വീകാര്യമല്ല. ഒരേ ദിവസം തന്നെ രണ്ട് ചെലവുകൾ നടത്തിയത് അംഗീകരിക്കുന്നില്ല. അധികമായി ചെലവ് ചെയ്ത 2080/-രൂ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

എൻക്വയറി നം. 3/20/27.1.2020

## 1-23 ആശുപത്രിക്ക് മരുന്നു വാങ്ങൽ -തുക നൽകി-മരുന്നു ലഭ്യമായിട്ടില്ല.

2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രികൾക്ക് മരുന്ന വാങ്ങുന്നതിനായി 450000/- രൂപ (മെയി. ഫണ്ട്-റോഡിതരം) ബിൽ നം.1/18-19/21.1.19 പ്രകാരം പിൻവലിച്ച് കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. പിറവന്തൂർ, കടയ്ക്കാമൺ, മുള്ളുമല ഡിസ്പൻസറികളിലായി 150000/- രൂപയുടെ വീതം മരുന്ന വാങ്ങുന്നതിനായിട്ടാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പിറവന്തൂർ ഹോമിയോ ആശുപത്രിയിലേക്കുള്ള 150000/- രൂപയുടെ മരുന്ന് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. മരുന്ന ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഉടനെ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.മരുന്ന് ലഭിക്കുന്നമുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-24 KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ഫണ്ടിനം. | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|
| 1. | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (നം.73/18-19), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്- | 4,00,000/- ബിൽ-2/2018-19;28.09.2018 | 98,574/- | 3,01,426/- |

| | | | | |
|---|---|---|---|---|
| | റോഡിതരം | | | |
| 2. | പാലിയേറ്റീവ് കെയർ (നം.80/18-19), വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം, ബ്ലോക്ക് വിഹിതം | 1,42,400/-<br>PRF4302(4.3.19)-38500/-<br>PRF1658(11.10.18)-103900/- | 1,13,153/- | 29,247/- |
| | | 1,49,936/-<br>PRF2374(14.11.18)-113026/-<br>PRF5119(11.03.19)-36910/- | 1,18,266/- | 31,670/- |
| | | | ആകെ | 3,62,343/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 13/2020,31.01.2020

## 1-25 മലയോരങ്ങളിൽ സോളാർ ലാമ്പ്-പദ്ധതി ഫലപ്രദമായില്ല

ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 400000/- രൂപ ചെലവഴിച്ച് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയാണ് മലയോരങ്ങളിൽ സോളാർ ലാമ്പ്(340/19). ടെണ്ടർ നടപടികളിലൂടെ ലാമ്പ് വിതരണത്തിനായി തെരെഞ്ഞെടുത്തത് സോൾജൻ എനർജീസ്, തൃശ്ശൂർ എന്ന സ്ഥാപനത്തെയാണ്. 30W ന്റെ സോളാർ ലാമ്പിന് 3 വർഷത്തെ വാറണ്ടി ഉറപ്പാക്കിയാണ് വാങ്ങൽ നടത്തിയിരുന്നത്.43388/-രൂപ നിരക്കിൽ 9 ലാമ്പ് വാങ്ങി പഞ്ചായത്തിന്റെ മലയോരപ്രദേശങ്ങളിൽ സ്ഥാപിച്ചു. 01-02-2020 ൽ മൈക്കാമൺ, പെരുന്തോയിൽ വാർഡുകളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടി വാർഡുകളിൽ സ്ഥാപിച്ചിരുന്ന ലാമ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ബോധ്യപ്പെട്ടു. വന്യമൃഗശല്യം വളരെയോറെ അനുഭവപ്പെടുന്ന മലയോരപ്രദേശങ്ങളിൽ ലാമ്പുകളുടെ പ്രവർത്തനത്തിലെ വീഴ്ച നാളിതുവരെ പരിഹരിക്കാതിരിക്കുന്നത് പഞ്ചായത്തിലെ പദ്ധതികളുടെ മോണിട്ടറിംഗിന്റെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ലാമ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പദ്ധതിക്കായി ചെലവഴിച്ച തുക പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി കൈകൊള്ളേണ്ടതാണ്.

## 1-26 പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ രേഖകളില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റെയും തുകകളുടെ വിനിയോഗത്തിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | കടശ്ശേരി കുടിവെള്ള പദ്ധതി-225/19 | 131775/- | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഭൂഗർഭജല വകുപ്പ് |
| 2 | യുവദീപ്തി-മുണ്ടൺകോൺ കുടിവെള്ള പദ്ധതി | 899958/- | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഭൂഗർഭജല വകുപ്പ് |

| | | | | |
|---|---|---|---|---|
| | 224/18-19 | | | |
| 3 | ഞണ്ടുതോട് കുടിവെള്ള പദ്ധതി<br>290/18-19 | 300000/- | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഭൂഗർഭജല വകുപ്പ് |
| 4 | കുര്യോട്ട്മല കുടിവെള്ള പദ്ധതി<br>221/19,525/19 | 6820000/- | 3000000/-(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്),<br>38200000/-(തനത് ഫണ്ട്) | കേരള വാട്ടർ അതോറിട്ടി |
| 5 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്ററിംഗും<br>67/18-19 | 2748220/- | 435775/-<br>(വികസനഫണ്ട്)<br>866325/-<br>(ഫിനാൻസ് കമ്മീഷൻഗ്രാന്റ്)<br>1446120/-<br>(തനത് ഫണ്ട്) | കെ.എസ്.ഇ.ബി |
| 6 | സ്ട്രീറ്റ് ലൈറ്റിന് മീറ്റർ<br>329/19 | 381600/- | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബി |
| 7 | തെരുവ് വിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 131050/- | തനത് ഫണ്ട് | കെ.എസ്.ഇ.ബി |
| | ആകെ | 11412603/- | | |

1331733/-രൂപ ഭൂഗർഭ ജല വകുപ്പിലും 682000/-രൂപ വാട്ടർ അതോറിട്ടിയിലും 3260870/-രൂപ കെ.എസ്.ഇ.ബി യിലും ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടി ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഫണ്ട് നിർവ്വഹണ ഏജൻസികളിൽ ഒടുക്കി നിഷ്ക്രിയമായി ഇരിക്കുന്ന പ്രവണത ഒഴിവാക്കി എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കുടിവെള്ള പദ്ധതി ആസൂത്രണത്തിലെ പിഴവ് :ടാങ്ക് സ്ഥാപിക്കൽ ,റൂഫിംഗ് പ്രവർത്തികൾ പ്രയോജനരഹിതമായി, 28430/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പദ്ധതി അടങ്കൽ – 300000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് – 290002/- ബിൽ നം.52/18.05.18

കരാറുകാരൻ. – ജി. റജികുമാർ.

കരാർ നം. - 118/AE/17-18/01.02.18

18-19 വർഷത്തിൽ പഞ്ചായത്ത് നടപ്പിൽ വരുത്തിയ പ്രോജക്ട് നമ്പർ 310/19, കടശ്ശേരി- കൊപ്പം കുടിവെള്ള പദ്ധതിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ, 16ാം ഇനമായി3000 ലിറ്റർ പോളിഎത്തിലിൻ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 4800/- രൂപ മൂല്യം കണക്കാക്കി അനുവദിച്ചിട്ടുണ്ട്. (എം ബുക്ക് നം.87/17-18).എന്നാൽ ഓഡിറ്റ് ടീം, അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, പദ്ധതിക്ക് സ്ഥാപിച്ചിട്ടുള്ളത് പ്രോജക്ട് നമ്പർ 309/20 പ്രകാരമുള്ള 5000 ലിറ്റർ കപ്പാസിറ്റിയോടുകൂടിയ വാട്ടർടാങ്കാണെന്ന് കാണാൻ കഴിഞ്ഞു. കൂടാതെ പദ്ധതിയുടെ അംഗീകൃത എസ്റ്റിമേറ്റിലെ 17ാം ഇനം പ്രവർത്തിയായ 50.10.2 (Steel work for roofing...), 18ാം ഇനം പ്രവർത്തിയായ Od.208353/17-18 (Roofing with 0.35 mmtrafold sheet...) എന്നീ പ്രവർത്തികൾക്ക് യഥാക്രമം 14161.75/- രൂപ, 9468.32/-രൂപ, എന്നിങ്ങനെ അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്കുമേൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ16/03.02.20 ന് മറുപടിയായി, കടശ്ശേരി-കൊപ്പം കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നമ്പർ 310/19 പ്രകാരം 3000 ലിറ്റർ ടാങ്ക് സ്ഥാപിച്ചിരുന്നു എന്നും, എന്നാൽ ഇത് അപര്യാപ്തമായതിനാൽ 5000 ലിറ്റർ ടാങ്ക് സ്ഥാപിക്കുകയായിരുന്നുഎന്നും എൻജിനീയർ വിശദീകരിക്കുന്നു. രണ്ടു തട്ടുകളുള്ള ടാങ്ക് സപ്പോർട്ടിന്റെ രണ്ടാമത്തെ തട്ടിലേക്ക് 3000 ലിറ്റർ ടാങ്ക് മാറ്റി സ്ഥാപിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 3000 ലിറ്റർ ടാങ്കിന്റെ ഉയരത്തിൽ സ്ഥാപിച്ചിരുന്ന റൂഫിംഗ് 5000 ലിറ്റർ ടാങ്ക് സ്ഥാപിക്കേണ്ടി വന്നപ്പോൾ ഇളക്കി മാറ്റേണ്ടിവന്നതാണെന്നും പ്രസ്തുത റൂഫിംഗ് പുനഃസ്ഥാപിക്കുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. 18.05.2018 ൽ അവസാന ബിൽ തുക അനുവദിച്ച നൽകിയ പ്രവർത്തിയിലൂടെ നാളിതുവരെ ഗുണഭോക്താക്കൾക്കായി ജലവിതരണം ആരംഭിച്ചിട്ടില്ല എന്നിരിക്കെ, അസിസ്റ്റന്റ് എൻജിനീയറുടെ വിശദീകരണങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. ആദ്യം സ്ഥാപിച്ച വാട്ടർ ടാങ്ക്, അനുബന്ധ റൂഫിംഗ് എന്നിവ മാറ്റി, വലിയ വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടി വന്നതും, റൂഫിംഗ് ഇളക്കി മാറ്റേണ്ടിവന്നതും ആസൂത്രണത്തിലെ പിഴവായും ഇതുമൂലം 28430/-(4800+14161.75+9468.32) രൂപയുടെ നഷ്ടമുണ്ടായതായും ഓഡിറ്റിൽ കണക്കാക്കുന്നു. 28430/-രൂപ പദ്ധതി നിർവഹണാ ധികാരിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

എൻക്വയറി നം. – 16/3.2.2020

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും - സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി

“എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും” എന്നപദ്ധതി നിർവഹണത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.102/2019 |
| പ്രോജക്ടിന്റെ പേര് | എൽ പി സ്കൂളുകൾക്ക് ഡിജിറ്റൽബോർഡും പ്രൊജക്ടറും |
| | |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് – 4,60,000/- രൂപ |
| ബിൽ നമ്പർ, തീയതി | 06/20.12.2018(2,60,000/-), 05/17.10.2019(2,00,000/-) |
| ചെലവഴിച്ച തുക | 4,60,000/- രൂപ |

2018-2019 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ഒൻപത് ഗവ. പ്രൈമറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സജീകരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിലാണ് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധികനിരക്കിൽ ഡിജിറ്റൽബോർഡും പ്രൊജക്ടറും വാങ്ങിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/ എം.പി/ എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധിക നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു. ആർ ജെ എന്റർപ്രൈസസ്, കോട്ടയം (ഇൻവോയിസ് – RJE00846/15.2.19) മുഖേനയാണ് വാങ്ങൽ നടത്തിയത്.

| ഇനം | എണ്ണം | വാങ്ങിയ നിരക്ക് | വാങ്ങേണ്ട നിരക്ക് | അധികം |
|---|---|---|---|---|
| മൾട്ടി മീഡിയ പ്രൊജക്ടർ | 9 | 3,37,500/- (37500 x9) | 2,14,740 (23860 x9) | 1,22,760/- |
| യു എസ് ബി സ്പീക്കർ | 9 | 10800/- (1200 x9) | 6930/- (770 x9) | 3870/- |
| സീലിംഗ് മൗണ്ട്കിറ്റ് | 9 | 48600/- (5400 x9) | 44100/- (4900 x9) | 4500/- |
| അധികമായി ചെലവ് വന്ന ആകെ തുക | | | | 1,31,130/- |

അധികം നൽകിയ 1,31,130/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-01/24.01.2020

## 3-2 ഉപഹാരങ്ങൾ വാങ്ങൽ- അധികചെലവ് അംഗീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിശിഷ്ടാതിഥികൾക്കായി ഉപഹാരങ്ങൾ ബുക്ക് ചെയ്യുന്നതിനായി 19.06.2018 ന് കൊല്ലം ചവറയിൽ പോകുന്നതിന് വാഹനക്കൂലി ഇനത്തിൽ വൗച്ചർ നമ്പർ 21800316/3.7.2018 മുഖേന 2080/-രൂ ചെലവു ചെയ്തിട്ടുണ്ട്. 19.06.2018 ന് തന്നെ ഉപഹാരങ്ങൾ വാങ്ങിക്കൊണ്ടുവരുന്നതിനായി വൗച്ചർ നമ്പർ 21800317/3.7.2018 മുഖേന 2080/-രൂ ചെലവു ചെയ്തിട്ടുണ്ട്. ഉപഹാരങ്ങൾ നേരിട്ട് കണ്ട് ബുക്ക് ചെയ്യാനും പിന്നീട് വാങ്ങുന്നതിനുമായി വാഹനം ഉപയോഗിച്ചുവെന്നാണ് 27.1.2020 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20) മറുപടി

ലഭ്യമാക്കിയത്. ഇത് സ്വീകാര്യമല്ല. ഒരേ ദിവസം തന്നെ രണ്ട് ചെലവുകൾ നടത്തിയത് അംഗീകരിക്കുന്നില്ല. അധികമായി ചെലവ് ചെയ്ത 2080/-രൂ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

എൻക്വയറി നം. 3/20/27.1.2020

## 3-3 റോഡ് ടാറിങ് പ്രവൃത്തികൾ-കാലി ബാരലിന് വില ഈടാക്കിയില്ല 68,845 /-രൂപയുടെ നഷ്ടം .

18-19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed bitumen rateഅനുവദിച്ച നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/ അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക | കരാറുകാരൻ/ബിൽനമ്പർ |
|---|---|---|---|---|
| ശ്രീ നാരായണ വിലാസം കൊച്ചു തുണ്ടിൽ പടി റോഡ് ,59/19 | S65-2204kg, RS1-202.84kg | 15 | 4215/- (@281/-) | ഷാജഹാൻ.എസ് 480/20.2.19 |
| ചേകം കടയ്ക്കാമൺ റോഡ് ,43/19 | S65-2312kg, RS1-209kg | 15 | 4215/- | ഷാജഹാൻ.എസ് 299/20.12.18 |
| ചാച്ചിപുന്ന-കൊങ്കണംകോട് റോഡ് | S65-1985kg, RS1-178kg | 13 | 3653/- | ഷാജഹാൻ.എസ് 358/7.1.19 |
| ചാച്ചിപുന്ന-കടമ്പനാട് പടി റോഡ് ,93/19 | S65-1523kg, RS1-141kg | 10 | 2810/- | ഷാജഹാൻ.എസ് 300/20.12.18 |
| എലിക്കാട്ടൂർ അമ്പലം മൂന്നാം മല റോഡ്, 146/19 | S65-2403kg, RS1+SS1-484.5kg | 17 | 4777/- | ജോസഫ്,482/20.2.19 |
| ചേകം കടയ്ക്കാമൺ റോഡ് ,387/19 | S65-1985kg, RS1-211kg | 13 | 3653/- | ഷാജഹാൻ.എസ്,93/30.7.18 |
| പുന്നലത്തുമൺ കനാൽ റോഡ്,379/19 | S65-2275kg, RS1-202kg | 15 | 4215/- | ഷാജഹാൻ.എസ്,360/7.1.19 |
| വന്മള-മുടക്കൻമൂല റോഡ് | S65-2620kg,RS1- | 17 | 4777/- | ജോസഫ്,136/21.8.18 |

| | | | | |
|---|---|---|---|---|
| | 253kg | | | |
| ചീവോട് ആയിരവല്ലിക്കര റോഡ്376/19 | S65-3296kg, RS1-308.4kg | 22 | 6182/- | നൗഷാദ്.,97/30.7.18 |
| മഞ്ചാംകുന്ന് കാവ് റോഡ്344/19 | S65-1031.75kg, RS1-97.8kg | 7 | 1967/- | ഷാജഹാൻ.എസ്,54/18.5.18 |
| പുത്തൻകട മേക്കട റോഡ്455/19 | S65-3455kg, RS1-311.8kg | 23 | 6463/- | എ.വി.അനിൽകുമാർ,30/16.5.18 |
| കൊല്ലാല കടയ്ക്കാമൺ റോഡ്378/19 | S65-1090.8kg, RS1-116kg | 7 | 1967/- | ഷാജഹാൻ.എസ്,94/30.7.18 |
| കാമ്പിപാറ മലമുക്ക് റോഡ് ,375/19 | S65-3539kg, RS1-349kg | 24 | 6744/- | ജോസഫ്,245/24.11.18 |
| പാവുമ്പ എലിക്കട്ടൂർ റോഡ്,403/19 | S65-3545kg, RS1-337kg | 24 | 6744/- | ജോസഫ്,241/23.11.18 |
| വൻമല-മുടക്കൻമൂലറോഡ്,324/19 | S65-3456kg, RS1-311kg | 23 | 6463/- | സുന്ദരേശൻ,35/16.05.18 |

68845/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റൻറ് എൻജിനീയറിൽ നിന്നോ ഇടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതി ആസൂത്രണത്തിലെ പിഴവ് :ടാങ്ക് സ്ഥാപിക്കൽ, റൂഫിംഗ് പ്രവർത്തികൾ പ്രയോജനരഹിതമായി, 28430/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പദ്ധതി അടങ്കൽ – 300000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് – 290002/- ബിൽ നം.52/18.05.18

കരാറുകാരൻ. – ജി.രജികുമാർ.

കരാർ നം. – 118/AE/17-18/01.02.18

18-19 വർഷത്തിൽ പഞ്ചായത്ത് നടപ്പിൽ വരുത്തിയ പ്രോജക്ട് നമ്പർ 310/19, കടശ്ശേരി- കൊപ്പം കുടിവെള്ള പദ്ധതിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ , 16ാംഇനമായി3000 ലിറ്റർ പോളിഎത്തിലിൻ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 4800/- രൂപ മൂല്യം കണക്കാക്കി അനുവദിച്ചിട്ടുണ്ട്. (എം ബുക്ക് നം.87/17-18).എന്നാൽ ഓഡിറ്റ് ടീം, അസിസ്റ്റൻറ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, പദ്ധതിക്ക് സ്ഥാപിച്ചിട്ടുള്ളത് പ്രോജക്ട് നമ്പർ 309/20 പ്രകാരമുള്ള 5000 ലിറ്റർ കപ്പാസിറ്റിയോടുകൂടിയ വാട്ടർടാങ്കാണെന്ന് കാണാൻ കഴിഞ്ഞു. കൂടാതെ പദ്ധതിയുടെ അംഗീകൃത എസ്റ്റിമേറ്റിലെ 17ാം ഇനം പ്രവർത്തിയായ50.10.2 (Steel work for roofing...), 18ാം ഇനം പ്രവർത്തിയായ Od.208353/17-18 (Roofing with 0.35 mmtrafold sheet...) എന്നീ പ്രവർത്തികൾക്ക് യഥാക്രമം 14161.75/- രൂപ, 9468.32/-രൂപ, എന്നിങ്ങനെ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്കുമേൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ16/03.02.20 ന് മറുപടിയായി, കടശ്ശേരി-കൊപ്പം കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നമ്പർ 310/19പ്രകാരം 3000 ലിറ്റർ ടാങ്ക് സ്ഥാപിച്ചിരുന്നു എന്നും, എന്നാൽ ഇത് അപര്യാപ്തമായതിനാൽ 5000 ലിറ്റർ ടാങ്ക് സ്ഥാപിക്കുകയായിരുന്നുഎന്നും എൻജിനീയർ വിശദീകരിക്കുന്നു. രണ്ടു തട്ടുകളുള്ള ടാങ്ക് സപ്പോർട്ടിന്റെ രണ്ടാമത്തെ തട്ടിലേക്ക് 3000 ലിറ്റർ ടാങ്ക് മാറ്റി സ്ഥാപിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 3000 ലിറ്റർ ടാങ്കിന്റെ ഉയരത്തിൽ സ്ഥാപിച്ചിരുന്ന റൂഫിംഗ് 5000 ലിറ്റർ ടാങ്ക് സ്ഥാപിക്കേണ്ടി വന്നപ്പോൾ ഇളക്കി മാറ്റേണ്ടിവന്നതാണെന്നും പ്രസ്തുത റൂഫിംഗ് പുനഃസ്ഥാപിക്കുന്നതാണെന്നും അസിസ്റ്റൻറ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. 18.05.2018 ൽ അവസാന ബിൽ തുക അനുവദിച്ചു നൽകിയ പ്രവർത്തിയിലൂടെ നാളിതുവരെ ഗുണഭോക്താക്കൾക്കായി ജലവിതരണം ആരംഭിച്ചിട്ടില്ല എന്നിരിക്കെ, അസിസ്റ്റൻറ് എൻജിനീയറുടെ വിശദീകരണങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. ആദ്യം സ്ഥാപിച്ച വാട്ടർ ടാങ്ക്, അനുബന്ധ റൂഫിംഗ് എന്നിവ മാറ്റി, വലിയ വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടി വന്നതും,റൂഫിംഗ് ഇളക്കി മാറ്റേണ്ടിവന്നതും ആസൂത്രണത്തിലെ പിഴവായും ഇതുമൂലം 28430/-(4800+14161.75+9468.32) രൂപയുടെ നഷ്ടമുണ്ടായതായും ഓഡിറ്റിൽ കണക്കാക്കുന്നു. 28430/-രൂപ പദ്ധതി നിർവഹണാ ധികാരിയായ അസിസ്റ്റൻറ് എൻജിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 16/3.2.2020

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.7.2019 | കെ.എസ്.എ.കെ.എൽ.എം.പി/9/1178/19 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 53/19-പൂങ്കുളഞ്ഞി തെക്കേക്കോൺ റോഡ് | 199754 | 246 |
| | | 200000 | 101/19 – ചാച്ചിപ്പുന്ന പുളിയാണിക്കര തച്ചക്കോട് മുരുപ്പേൽ റോഡ് | 0 | 200000 |
| | | 300000 | 29/19- കറവൂർ കനാൽ മുണ്ടൻകോൺ റോഡ് | 298466 | 1534 |
| | | 300000 | 222/19- പണ്ടോലിപ്പടി കൊച്ചുവിളപ്പടി റോഡ് | 214272 | 85728 |
| | | 250000 | 132/19 – തച്ചക്കുളം പാറവിളപ്പടി റോഡ് | 247092 | 2908 |
| | | 250000 | 10/19- കംക്രാമൺ എസ്.സി. റോഡ് സൈഡ് വാൾ | 250000 | 0 |
| | | 100000 | 147/19 – തടത്തിൽപ്പടി മണക്കുഴി റോഡ് | 96708 | 3292 |
| | | 85000 | നെൽകൃഷി കൂലിച്ചെലവ് | 85000 | 0 |
| | | 150000 | പാലിയേറ്റീവ് കെയർ | 149936 | 64 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 150000 | അംഗനവാടി പോഷകാഹാരം | 150000 | 0 |
| | | 9605926 | ലൈഫ് | 9364926 | 241000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3797596 | ലൈഫ് | 3792671 | 4925 |
| | | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | | 142700 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 142700 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നംഫിനാൻസ് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | കമ്മീഷൻ ഗ്രാന്റ് | | | |
| 1 | ഭൂഗർഭജല വകുപ്പ് | കടശ്ശേരി കുടിവെള്ള പദ്ധതി-225/19 | 21801563 | 131775/- | 0 | 131775/- |
| 2 | ഭൂഗർഭജല വകുപ്പ് | യുവദീപ്തി-മുണ്ടൺകോൺ കുടിവെള്ള പദ്ധതി 224/18-19 | 21801521 | 899958/- | 0 | 899958/- |
| 3 | ഭൂഗർഭജല വകുപ്പ് | ഞണ്ടുതോട് കുടിവെള്ള പദ്ധതി 290/18-19 | 13/18-19/21-01-19 | 300000/- | 0 | 300000/- |
| 4 | കേരള വാട്ടർ അതോറിട്ടി | കുര്യോട്ട്മല കുടിവെള്ള പദ്ധതി 221/19,525/19 | 37/18-19/19-01-19 2926210 | 6820000/- | 0 | 6820000/- |
| 5 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്ററിംഗും 67/18-19 | 21801422 | 2748220/- | 0 | 2748220/- |
| 6 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റിന് മീറ്റർ 329/19 | 21801226 | 381600/- | 0 | 381600/- |
| 7 | കെ.എസ്.ഇ.ബി | തെരുവ് വിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 447/19 | ----- | 131050/- | 0 | 131050/- |
| | | ആകെ | | 11412603/- | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 39594555/- രൂപ വരവുണ്ട്. മുൻബാക്കി 0

രൂപയടക്കം 39594555/- രൂപയിൽ 37320000/- രൂ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനനിർമ്മാണം | 2.1.2019 | 39594555 | - | - | - | 39594555 |
| EMS | 03.05.10 | - | 783415 | | - | 783415 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

## (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

## ഇല്ല

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

## ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവര

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 218610239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 199053684 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 230485 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11412603 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.) (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 131130 | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്, എലിക്കാട്ടൂർ |
| 3-2 | | 2080 | ശ്രീ. ഷെമീം. എ, സെക്രട്ടറി |
| 3-3 | | 68845 | ശ്രീമതി. ആശ. വൈ. വി, അസി. എൻജിനീയർ |
| 3-4 | | 28430 | ശ്രീമതി. ആശ. വൈ. വി, അസി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 1-26 | 11412603 | ശ്രീ. ഷെമീം. എ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| | | |
|---|---|---|
| ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ, | എൽ.പി.എസ്, എലിക്കാട്ടൂർ | മേലതിൽ, ഇളങ്ങമംഗലം, പുന്തേഴത്തിൽ ഏനാത്ത്.പി.ഒ |
| ശ്രീ. ഷെമീം. എ, സെക്രട്ടറി | സെക്രട്ടറി,പട്ടാഴി ഗ്രാമപഞ്ചായത്ത് | ആരണ്യകം അച്ചൻകോവിൽ .പി.ഒ |
| ശ്രീമതി.ആശ.വൈ.വി, അസി.എൻജിനീയർ | അസി.എൻജിനീയർ, പിറവന്തൂർ ഗ്രാമപഞ്ചായത്ത് | എസ്.എ.കോട്ടേജ്.വെള്ളിമൺ ഈസ്റ്റ് .പി.ഒ.കുണ്ടറ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFQP8-1274/02;18.09.03 | 9 |
| 1998-99 | LFQP8-92/03;13.04.04 | 13 |
| 1999-00 | LFQP5-1364/04;07.09.05 | 10 |
| 2000-01 | LFQP5-1365/04;16.11.05 | 10 |
| 2001-02 | LFQP5-1366/04;17.07.06 | 8 |
| 2002-03 | LFQP5-1107/07;5.1.08 | 5 |
| 2003-04 | LFQP5-1107/07;5.1.08 | 15 |
| 2004-05 | LFQP5-1255/08;13.05.09 | 12 |
| 2005-06 | LFQP5-1255/08;13.05.09 | 8 |
| 2006-07 | LFQP5-346/10;16.9.10 | 6 |
| 2007-08 | LFQP5-278/2011;3.8.11 | 11 |
| 2008-09 | LFQP5-1546/2011;19.06.14 | 17 |
| 2009-10 | LFQP5-1280/12/14;19.06.14 | 13 |
| 2010-11 & 2011-12 | LFQP5-973/13;13.8.13 | ---- |
| 2012-13 & 13-14 | LFQP5-425/15;1.4.15 | ---- |
| 2014-15 | KSA.KLMP5-1126/16;27.7.16 | ---- |
| 2015-16 | KSA.KLMP9-1312/16;8.7.16 | ---- |
| 2016-17 | KSA.KLMP9-1910/17;3.11.17 | ---- |
| 2017-18 | KSA.KLMP9-195/19;3.5.19 | ---- |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.എൽ.എം-പി9-386/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം.

പിൻ - 691 001,
Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in


തീയതി : 03/05/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## <u>അനുബന്ധം 2 അനുബന്ധപത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.